# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 03.01.2025**

### പ്രധാനവാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമു ബംഗളൂരു നിംഹാൻസിന്റെ സുവർണ ജൂബിലി ആഘോഷങ്ങളിൽ മുഖ്യ അതിഥിയായി പങ്കെടുക്കുന്നു.

2. കേന്ദ്ര സർക്കാർ, കേരളത്തിന് വലിയ പരിഗണനയാണ് നൽകുന്നതെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ.

3. പെരിയ ഇരട്ട കൊലക്കേസിൽ കുറ്റക്കാരെന്ന് കണ്ടെത്തിയവരിൽ 10 പ്രതികൾക്ക് ഇരട്ട ജീവപര്യന്തംശിക്ഷ വിധിച്ച് കോടതി.

4. സംസ്ഥാന സ്കൂൾ കലോത്സവത്തിന് നാളെ തിരുവനന്തപുരത്ത് തിരി തെളിയും. രജിസ്ട്രേഷൻ ആരംഭിച്ചു. മാറ്റുരയ്ക്കാൻ പതിനയ്യായിരത്തോളം കലാപ്രതിഭകൾ.

5. പുത്തരിക്കണ്ടം മൈതാനത്ത് ഊട്ടുപുര സജ്ജമായി; ഒരേ സമയം നാലായിരം പേർക്കുവരെ ഭക്ഷണം നൽകും. കലോത്സവ വിജയത്തിന് കൂട്ടായി പ്രയത്നിക്കാമെന്ന് മന്ത്രി വി ശിവൻകുട്ടി.

RNU TVPM

6. **ബോർഡർ - ഗവാസ്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിൽ ഓസ്ട്രേലിയയ്ക്കെതിരെ ഇന്ത്യയ്ക്ക് ബാറ്റിംഗ് തകർച്ച. ഒന്നാം ഇന്നിങ്സിൽ 185 റൺസിന് ഇന്ത്യ ആൾഔട്ട്.**

*****************************************************************************************************************************************************************

## രാഷ്ട്രപതി

രാഷ്ട്രപതി ദ്രൗപദി മുർമ്മു ബംഗളൂരു നിംഹാൻസിന്റെ സുവർണ ജൂബിലി ആഘോഷങ്ങളിൽ മുഖ്യ അതിഥിയായി പങ്കെടുക്കുന്നു. സൈക്കാട്രി ബ്ലോക്ക്, സെൻട്ര ലബോറട്ടറി കോംപ്ലക്സ്, ഹോസ്റ്റൽ കെട്ടിടം എന്നിവ രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും.

*****************************************************************************************************************************************************************

## റെയിൽവേ വികസനം

കേന്ദ്രസർക്കാർ വലിയ പരിഗണനയാണ് കേരളത്തിന് നൽകുന്നതെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ മാധ്യമങ്ങളോട് പറഞ്ഞു. വികസനം നടപ്പാക്കുന്നത് നരേന്ദ്ര മോദി സർക്കാർ ആണ് എന്നും അദ്ദേഹം പറഞ്ഞു. കോഴിക്കോട് റയിൽവേ സ്റ്റേഷനിൽ ചേർന്ന ഉദ്യോഗസ്ഥരുടെ യോഗത്തിൽ റയിൽ വികസന പദ്ധതികളുടെ പുരോഗതി അദ്ദേഹം വിലയിരുത്തി.

*****************************************************************************************************************************************************************

## കലോത്സവം (ഇൻട്രോ)

63 -മത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് നാളെ തിരുവനന്തപുരത്ത് തിരി തെളിയും.

RNU TVPM

രാവിലെ 10 മണിക്ക് സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ കലോത്സവം ഉദ്ഘാടനം ചെയ്യും.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി **രെജു കോലിയക്കോട്.....**

(വോയിസ്)

---

## പാചകപ്പുര ഇന്നു മുതൽ

സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ പാചകപ്പുര പുത്തരിക്കണ്ടം മൈതാനിയിൽ സജീവമായി. പാലുകാച്ചൽ ചടങ്ങിൽ മന്ത്രിമാരായ വി ശിവൻകുട്ടി, ജി ആർ അനിൽ തുടങ്ങിയവർ പങ്കെടുത്തു. കലോത്സവത്തിനായി വിവിധ ജില്ലകളിൽ നിന്നും ഇന്ന് എത്തുന്നവർക്ക് ഇന്ന് അത്താഴം ഒരുക്കും. ഉച്ചഭക്ഷണം ഇരുപതിനായിരം പേർക്കും പ്രഭാത -രാത്രി ഭക്ഷണം പതിനായിരം പേർക്കും വീതവുമാണ് ഒരുക്കുന്നത്. പാചക വിദഗ്ധൻ പഴയിടം മോഹനൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ 100 പേരുടെ സംഘമാണ് പാചകത്തിനുള്ളത്. ഒരേ സമയം 4,000 പേർക്ക് ഭക്ഷണം കഴിക്കാവുന്ന പന്തലാണ് ഒരുക്കിയിരിക്കുന്നത്.

---

## പ്ലാസ്റ്റിക് ഔട്ട്-കലോത്സവം

കലോത്സവ വേദികളിൽ പ്ലാസ്റ്റിക് ബോട്ടിലുകളുമായി എത്തുന്നവരിൽ നിന്ന് പത്ത് രൂപ കോർപറേഷൻ ഈടാക്കും. ഈ സമയം നൽകുന്ന ടോക്കൺ വേദി വിടുമ്പോൾ തിരികെ നൽകിയാൽ രൂപ തിരികെ

ലഭിക്കും. കലോത്സവ വേദികളിൽ ഹരിതചട്ടം നടപ്പാക്കുന്നതിന്റെ ഭാഗമായാണ് കർശന നടപടി. ജൈവ, അജൈവ മാലിന്യം വേർതിരിച്ച് ശേഖരിക്കുന്നതിന് പ്രത്യേകം ബിന്നുകൾ എല്ലാ വേദികളിലും സ്ഥാപിക്കും. ഊട്ടുപുര പ്രവൃത്തിക്കുന്ന പുത്തരിക്കണ്ടം മൈതാനത്ത് രാവിലെ 6 മുതൽ രാത്രി 12 വരെ മൂന്ന് ഷിഫ്റ്റുകളിലായി നൂറ് ശുചീകരണ തൊഴിലാളികളും 12 ഹെൽത്ത് ഇൻസ്പെക്ടർമാരും സേവനത്തിനുണ്ടാകും. പുത്തരിക്കണ്ടത്ത് 60 താൽക്കാലിക ടോയ് ലറ്റുകൾ സ്ഥാപിച്ചു.

*******************************************************************************

## സ്വർണക്കപ്പ് ഘോഷയാത്ര

സ്കൂൾ കലോത്സവത്തിൻ്റെ സ്വർണ്ണക്കപ്പ് വഹിച്ചുള്ള ഘോഷയാത്ര ഇന്ന് തിരുവനന്തപുരം ജില്ലയിലെത്തും. രാവിലെ ചടയമംഗലം KSRTC ഡിപ്പോയ്ക്ക് സമീപം മന്ത്രി ജെ.ചിഞ്ചുറാണി സ്വർണക്കപ്പ് ഏറ്റുവാങ്ങി. കാസർകോട് മുതൽ തിരുവനന്തപുരം വരെ വിവിധയിടങ്ങളിൽ സ്വീകരണം ഏറ്റുവാങ്ങിയാണ് ഘോഷയാത്ര എത്തുന്നത്. വൈകിട്ട് തിരുവനന്തപുരത്ത് മന്ത്രി വി ശിവൻകുട്ടി സ്വർണക്കപ്പ് ഏറ്റുവാങ്ങും.

RNUTVPM

*******************************************************************************

## കലോത്സവം-ഗതാഗത നിയന്ത്രണം

സ്കൂൾ കലോത്സവത്തോട് അനുബന്ധിച്ച് നാളെ മുതൽ ഈ മാസം എട്ടു വരെ കിഴക്കേകോട്ടയിൽ ട്രാഫിക് നിയന്ത്രണം ഏർപ്പെടുത്തും. കിഴക്കേകോട്ട നിന്നുള്ള ബസുകൾ അട്ടക്കുളങ്ങര, വെട്ടിമുറിച്ച കോട്ട, കോട്ടയ്ക്കകം എന്നിവിടങ്ങളിലുള്ള പാർക്കിംഗ് കേന്ദ്രങ്ങളിൽ നിന്നും സർവീസ് നടത്തും.

കലോത്സവത്തിനെത്തുന്നവരുടെ വാഹനങ്ങൾ നിർദ്ദിഷ്ട സ്ഥലങ്ങളിൽ പാർക്ക് ചെയ്യണമെന്ന് പോലീസ് അറിയിച്ചു.

**************************************************************************************************

## ആകാശവാണി -അവലോകനം

നാളെ ആരംഭിക്കുന്ന 63-ാം സംസ്ഥാന സ്കൂൾ കലോത്സവത്തിൻറെ പ്രതിദിന അവലോകനം ആകാശവാണി പ്രക്ഷേപണം ചെയ്യും. നാളെ രാവിലെ ഒൻപതിനായിരിക്കും ആദ്യ അവലോകനം.

**************************************************************************************************

## നിമിഷ പ്രിയ-ഇറാൻ

യെമൻ പൗരൻ കൊല്ലപ്പെട്ട കേസിൽ ജയിലിൽ കഴിയുന്ന മലയാളി നഴ്സ് നിമിഷപ്രിയയുടെ മോചനത്തിനായി ഇടപെടൽ നടത്താൻ സന്നദ്ധത അറിയിച്ച് ഇറാൻ. മാനുഷിക പരിഗണന എന്ന നിലയിൽ മോചനത്തിന് സഹായിക്കാമെന്ന് ഇറാന്റെ വിദേശകാര്യ ഉദ്യോഗസ്ഥൻ അറിയിച്ചതായാണ് റിപ്പോർട്ട്. നിമിഷപ്രിയയുടെ വധശിക്ഷ നടപ്പാക്കുമെന്ന വാർത്തകളെ തുടർന്ന്, സാധ്യമായ എല്ലാ സഹായങ്ങളും ഉറപ്പാക്കുമെന്ന് കേന്ദ്ര വിദേശകാര്യമന്ത്രാലയവും അറിയിച്ചിരുന്നു.

RNUTVPM

**************************************************************************************************

## പെരിയ കേസ്

പെരിയ ഇരട്ട കൊലക്കേസിൽ കുറ്റക്കാർ എന്ന് കണ്ടെത്തിയ 14 പ്രതികൾകളുടെ ശിക്ഷാവിധി എറണാകുളം സിബിഐ പ്രത്യേക കോടതി പ്രസ്താവിച്ചു. പത്തു പ്രതികൾക്ക് ഇരട്ട ജീവപര്യന്തം വിധിച്ചു.ഇവർ രണ്ടു ലക്ഷം രൂപ വീതം പിഴയും അടയ്ക്കണം.

രാവിലെ കേസ് കോടതി  പരിഗണിച്ചപ്പോൾ ശിക്ഷ സംബന്ധിച്ച് ചില കാര്യങ്ങൾ  അറിയിക്കാൻ ഉണ്ടെന്ന് പ്രതിഭാഗം കോടതിയെ അറിയിച്ചിരുന്നു.  ഇതേ തുടർന്ന് പ്രതികൾക്ക് പറയാനുള്ളത് കോടതി കേൾക്കാൻ തയ്യാറാവുകയായിരുന്നു. ശിക്ഷ പരമാവധി കുറച്ചു നൽകണമെന്നും ,  സ്ഥിരം കുറ്റവാളികൾ അല്ലെന്നും,  മനപരിവർത്തനത്തിന് അവസരം നൽകണമെന്നും, പ്രതിഭാഗം അഭ്യർത്ഥിച്ചു.പിന്നാലെയാണ് വിധി പ്രസ്താവം ഉണ്ടായത്.

********************************************************************************************************************************************************

## എം.ബി.രാജേഷ്

അദാലാത്തുകളിൽ  ലഭിക്കുന്ന പരാതികൾ  നിയമത്തിനകത്ത് നിന്നുകൊണ്ട്  തന്നെ  പരിഹരിക്കാനാണ്  ശ്രമിക്കുന്നതെന്ന് മന്ത്രി  എം.ബി.  രാജേഷ്  പറഞ്ഞു.  '**കരുതലും  കൈത്താങ്ങും**  ' പാലക്കാട്  താലൂക്ക്  തല  പരാതി  പരിഹാര  അദാലത്ത് ഉത്ഘാടനം  ചെയ്യുകയായിരുന്നു  മന്ത്രി. തത്സമയം  ലഭിച്ച പരാതികൾ  പരിശോധിച്ച്  പരമാവധി  സമയബന്ധിതമായി തീർപ്പാക്കുമെന്നും,  ഭൂമി  തരം  മാറ്റലിനായി  പ്രത്യേക  അദാലത്ത് സംഘടിപ്പിക്കുമെന്നും  മന്ത്രി പറഞ്ഞു. മന്ത്രി  കെ.  കൃഷ്ണൻ  കുട്ടിയും അദാലത്തിൽ  പങ്കെടുത്തു.

********************************************************************************************************************************************************

## വാട്ടർ ഫെസ്റ്റിവൽ (ഇൻട്രോ)

ബേപ്പൂർ  അന്താരാഷ്ട്ര  വാട്ടർ  ഫെസ്റ്റിവൽ  നാലാം  സീസണിനെ വരവേൽക്കാനൊരുങ്ങി  ബേപ്പൂരിലെയും  ചാലിയത്തെയും  കടലും കടൽത്തീരവും. നാളെയും മറ്റന്നാളുമായി നടക്കുന്ന ജലമേളയിൽ കോസ്റ്റ്ഗാർഡിന്റെ  ഡോർണിയർ  ഫ്‌ളൈ  പാസ്റ്റും  സേർച്ച് ആൻ്റ് റെസ്ക്യൂ ഡെമോയും അരങ്ങേറും.

PNU TVPM

വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി **നസീർബാബു...**
**(വോയിസ്...)**

*******************************************************************************************

## ക്രിക്കറ്റ്

ഇന്ത്യ-ഓസ്ട്രേലിയ ബോർഡർ ഗവാസ്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അവസാന ടെസ്റ്റിൽ ഇന്ത്യക്ക് ബാറ്റിംഗ് തകർച്ച. ടോസ് നേടി ബാറ്റിംഗ് തിരഞ്ഞെടുത്ത ഇന്ത്യയ്ക്ക് തുടക്കത്തിൽ തന്നെ വിക്കറ്റുകൾ നഷ്ടമായി. ഒന്നാം ഇന്നിങ്സിൽ 185 റൺ എടുക്കുന്നതിനിടെ ഇന്ത്യ ഓൾ ഔട്ടായി. ഓസ്ട്രേലിയ മറുപടി ബാറ്റിങ് ആരംഭിച്ചു. രാഹുൽ ശർമ്മയ്ക്ക് പകരം ഇന്ന് ജസ്പ്രീത് ബുമ്രയാണ് ഇന്ന് ഇന്ത്യയെ നയിച്ചത്. അഞ്ച് മത്സരങ്ങളടങ്ങിയ പരമ്പരയിൽ ഓസീസ് 2-1 ന് മുന്നിലാണ്.

RIU TVPM

*******************************************************************************************

## ഫെൻസിങ് ചാമ്പ്യൻഷിപ്പ്

കണ്ണൂരിൽ നടക്കുന്ന 35 -മത് ദേശീയ സീനിയർ ഫെൻസിങ് ചാമ്പ്യൻഷിപ്പ് ഇന്ന് സമാപിക്കും. ഇന്ന് വനിതകളുടെ ഫോയിൽ, സാബെർ ഇനങ്ങളിലും പുരുഷന്മാരുടെ എപ്പി ഇനത്തിലുമാണ് കേരളത്തിന്റെ മത്സരങ്ങൾ. സമാപന സമ്മേളനം വൈകിട്ട് നിയമസഭാ സ്പീക്കർ എ.എൻ.ഷംസീർ ഉദ്ഘാടനം ചെയ്യും.

*******************************************************************************************

## ചലച്ചിത്ര പുരസ്കാരങ്ങൾ

15-ാമത് ജെ.സി.ഡാനിയേൽ ചലച്ചിത്ര പുരസ്ക്കാരങ്ങൾ പ്രഖ്യാപിച്ചു. മികച്ച ചിത്രം - 2018 എവരിവൺ ഈസ് എ ഹീറോ.

മികച്ച സംവിധാകൻ അഖിൽ സത്യൻ. ചിത്രം - പാച്ചുവും അത്ഭുത വിളക്കും. ടൊവിനോ തോമസാണ് മികച്ച നടൻ. പാച്ചുവും അത്ഭുത വിളക്കുമെന്ന ചിത്രത്തിലെ അഭിനയത്തിന് അഞ്ജന ജയപ്രകാശ് മികച്ച നടിയായി തിരഞ്ഞെടുക്കപ്പെട്ടു. മികച്ച ഗായകനുള്ള പുരസ്ക്കാരം നജീം അർഷാദും സുദീപ് കുമാറും പങ്കിട്ടു. ഡോ. ബി അരുന്ധതിയാണ് മികച്ച ഗായിക.

*****************************************************************************************************

## വോട്ടർ പട്ടിക

സംസ്ഥാനത്തെ 31 തദ്ദേശവാർഡുകളിലെ ഉപതിരഞ്ഞെടുപ്പിന് മുന്നോടിയായി വോട്ടർപട്ടിക പുതുക്കുന്നു. കരട് പട്ടിക ഇന്ന് പ്രസിദ്ധീകരിക്കും. കരട് പട്ടികയിൽ ഉൾപ്പെടാത്ത, 2025 ജനുവരി 1 നോ അതിന് മുൻപോ 18 വയസ്സ് പൂർത്തിയായവർക്ക് ഈ മാസം 18 വരെ sec.kerala.gov.in എന്ന വെബ്സൈറ്റിൽ അപേക്ഷ നൽകാം.

RNUTVPM

*****************************************************************************************************

## ഓഹരി-സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 277 പോയിന്റ് ഇടിഞ്ഞ് 79,667 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 72 പോയിന്റ് താഴ്ന്ന് 24,126 ലും വ്യാപാരം തുടരുന്നു.

സ്വർണ്ണവില കൂടി. പവന് 640 രൂപ വർധിച്ച് 58,080 രൂപയും ഗ്രാമിന് 7,260 രൂപയുമാണ് ഇന്നത്തെ വില.

*****************************************************************************************************

## ആകാശവാണി - നാടകം

ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ എഴുപത്തഞ്ചാം വാർഷികത്തോട് അനുബന്ധിച്ച് നാടക സന്ധ്യ സംഘടിപ്പിക്കുന്നു. നാളെ വൈകിട്ട് അഞ്ചു മണിക്ക് വിതുര ഗവണ്മെന്റ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ ഓഡിറ്റോറിയത്തിൽ കാഞ്ഞിരപ്പള്ളി അമല കമ്യൂണിക്കേഷൻസിന്റെ ' **ശാന്തം** ' എന്ന നാടകം അരങ്ങേറും. വിതുര സുഹൃത്ത് നാടകക്കളരിയുടെയും ബാലഭവന്റെയും സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്. നാടകത്തിന്റെ റേഡിയോ ആവിഷ്കാരം ഈ മാസം 16 ന് രാത്രി 9.30 ന് ആകാശവാണിയുടെ കേരള നിലയങ്ങൾ പ്രക്ഷേപണം ചെയ്യും.

*************************************************************************************

## അമ്പലപ്പുഴ സംഘം

എരുമേലി പേട്ടതുള്ളൽ ഈമാസം 11 ന്. അന്നുതന്നെ അമ്പലപ്പുഴ സംഘവും ഉച്ചയ്ക്ക് ശേഷം ആലങ്ങാട് സംഘവും പേട്ടതുള്ളും. ആലങ്ങാട് സംഘം പുറപ്പെട്ടു. അമ്പലപ്പുഴ സംഘം ഈ മാസം ആറിന് തിരിക്കും.

RNUTVPM

*******************************************************************************************************************

***************************************************************

*********************************************